# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം മൂന്ന്

വറീതുചേട്ടൻ തന്റെ മുൻപിൽനിന്ന് കിതയ്ക്കുന്ന വിജയനെന്ന പതിനെട്ടുകാരനെത്തന്നെ ഉററുനോക്കി. അവൻ ബംഗ്ലാവിൽ ജോലിക്കു വന്നിട്ട് ഏതാനും നാളുകളേ ആയിട്ടുള്ളൂ. എല്ലാം അവനു് പരിചിതമായി വരുന്നതേയുള്ളൂ. എന്തെങ്കിലും ഒരു സംശയം വന്നാലുടൻ ആദ്യം ഓടിയെത്തുന്നതു് വറീതുചേട്ടന്റെ പക്കലേയ്ക്കാണു്. അയാൾ വേണം ജോലിക്കാര്യത്തിൽ അവന്റെ സംശയങ്ങൾ തീർക്കാൻ.

അത്തരത്തിലുള്ള എന്തെങ്കിലും ഒരു സംശയം തീർക്കാനായിരിക്കും അവൻ വന്നതെന്നാണു് അയാൾ ആദ്യം കരുതിയതു്. പക്ഷേ അവന്റെ മുഖത്തെ ഭാവം കണ്ടു് അയാൾ തെല്ലു് അമ്പരന്നുപോയി. അത്തരം എന്തെങ്കിലുമൊരു കാര്യമായിരുന്നെങ്കിൽ അവനിത്ര പരിഭ്രമിക്കേണ്ടിയിരുന്നില്ല.

‘എടാ വിജയാ, നിനക്കെന്തുപററി? നീ വല്ല ചെകുത്താനെയും കണ്ടു പേടിച്ചോ?’

‘ഒന്നുമില്ല ചേട്ടാ, നമ്മുടെ മതിലിനപ്പുറം ഒരു ചെറുപ്പക്കാരനും അവന്റെ കൂടെ ഒരു പെണ്ണും......’

വിജയൻ നിറുത്തി. അവൻ ഭയത്തോടെ പിന്നെയും നോക്കി.

‘കണ്ണു മിഴിക്കാതെ കാര്യം പറഞ്ഞു തുലയ്ക്കടാ. എന്തുണ്ടായി? നീ പേടിക്കുകയൊന്നും വേണ്ട. ഇവിടെ ഇന്നിപ്പം എല്ലാവരുമുണ്ടു്.’

‘അവിടെ ഒരു മനുഷ്യൻ വന്നു നിൽക്കുന്നു. മുഷിഞ്ഞ വേഷം. കൂടെയുള്ള പെണ്ണിനെ കണ്ടിട്ടു് അവന്റെ ഭാര്യയാണെന്നു തോന്നുന്നു. ചിലപ്പോൾ കല്യാണമുണ്ടെന്നറിഞ്ഞു വന്നതായിരിക്കും. ഒരു ദിവസമെങ്കിലും നല്ലപോലെ ഒന്നു ശാപ്പാടു കഴിക്കാമല്ലോ എന്നോർത്തു വന്നതായിരിക്കും.’

വിജയൻ നിറുത്തി. വറീതു് എന്തു ചെയ്യണമെന്നറിയാതെ ഒരു നിമിഷം നിശ്ചലനായി നിന്നു. വല്ല യാചകരുമാണെങ്കിൽ വിജയനു തിരിച്ചറിയാൻ കഴിഞ്ഞിരുന്നേനെ. അപ്പോൾ മററാരോ ആണു് വന്നിരിക്കുന്നതു്? കൃത്യം ഈ വിവാഹത്തിന്റെ ദിവസം ആരായിരിക്കും ഇവിടെ എത്തിയതു്. കൂട്ടത്തിൽ ഒരു പെണ്ണുമുണ്ടത്രെ. അതാണു് എത്ര ആലോചിച്ചിട്ടും ഒരു പിടിയും കിട്ടാത്ത ഒരു കാര്യം?

അവൻ എന്തിനായിരിക്കും ഒരു പെണ്ണിനെയും കൂട്ടി ഇവിടെ വന്നിരിക്കുന്നതു്? ഒരു പക്ഷേ ജയ്സന്റെ വിവാഹം അലങ്കോലപ്പെടുത്താനാവുമോ? എങ്കിൽ അവൻ നേരെ പള്ളിയിലേയ്ക്കു പോയേനെ.

‘ഏതായാലും ചേട്ടൻ ചെന്ന് ഒന്നു നോക്കു്. എനിക്കവനെ കണ്ടിട്ടു് പേടിയാകുന്നു.’

വിജയൻ ഭയത്തോടെ ചുററും നോക്കി. അയാൾ പടി കടന്നു് മുററത്തെങ്ങാൻ കയറുന്നുണ്ടോ എന്നറിയാൻ.

വറീതുചേട്ടൻ മെല്ലെ മുററത്തുക്കൂടി മതിലിനരികിലേയ്ക്കു നടന്നു. അയാൾ മതിലിനു മുകളിലൂടെ താഴേയ്ക്കു നോക്കി.

വിജയൻപറഞ്ഞതു ശരിയാണു്. ഒരു ചെറുപ്പക്കാരൻ നിൽക്കുന്നു. അവനു തൊട്ടു പിന്നിൽ ഒരു യുവതിയും. ആ ചെറുപ്പക്കാരനു് ഏറിയാൽ ഒരു ഇരുപത്തഞ്ചു് വയസ്സു കാണും. അകാലത്തിലെ വാർദ്ധക്യം ബാധിച്ചതുപോലെ. എണ്ണ വയ്ക്കാത്ത മുടി പാറിപ്പറന്നു് ചെമ്പിച്ചു കിടക്കുന്നു. കണ്ണുകളിൽ അനല്പമായ ഒരു വേദന തളംകെട്ടിക്കിടക്കുന്നു. പിന്നിൽ നില്ക്കുന്ന യുവതിയും ഉടഞ്ഞ സാരിയും ബ്ലൗസുമാണു് ധരിച്ചിരിക്കുന്നതു്. ഒരു വലിയ യാത്ര ചെയ്തതിന്റെ ക്ഷീണം അവരുടെ മുഖത്തു തെളിഞ്ഞു കാണാം.

അവർ ഇരുവരും ചുററും തുറിച്ചുനോക്കുന്നു. ചെറുപ്പക്കാരൻ അത്ഭുതസ്തബ്ധനായി പകച്ചു നിൽക്കുകയാണു്. അയാൾ പരിചിതനെപ്പോലെ ചുററും തുറിച്ചുനോക്കുന്നു. പറമ്പിലാകമാനം എന്തോ അവന്റെ കണ്ണുകൾ തിരയുകയാണു്. പിന്നെ അവന്റെ കണ്ണുകൾ കൂററൻ ബംഗ്ലാവിലും അതിന്റെ മുററത്തു് ഉയർന്നു നിൽക്കുന്ന കല്യാണപ്പന്തലിലും പതറിനടക്കുന്നു. വിടർന്ന കണ്ണുകളുമായി എല്ലാം നോക്കിക്കാണുന്ന ചെറുപ്പക്കാരൻ. അവനു പിന്നിൽ നൊമ്പരം കൊള്ളുന്ന കണ്ണുകളുമായി അവൾ.

വറീതു് മെല്ലെ ആ ചെറുപ്പക്കാരന്റെ മുമ്പിലേയ്ക്കു ചെന്നു ചോദിച്ചു.

‘നിങ്ങളാരാണു്? എന്താ വന്നതു്?’

ചെറുപ്പക്കാരൻ വറീതിനെത്തന്നെ തുറിച്ചുനോക്കി നില്ക്കുകയാണു്. അയാളുടെ മുഖത്തു് അവന്റെ കണ്ണുകൾ തറഞ്ഞു നിൽക്കുകയാണു്. ക്രമേണ അവന്റെ കണ്ണുകൾ നിറഞ്ഞു.

‘ഞാനാരാണെന്നു് ചേട്ടനു മനസ്സിലായില്ലേ?’

വറീതു് അവന്റെ മുഖത്തേയ്ക്കു് ഉററു നോക്കി.

‘എനിക്കു മനസ്സിലായില്ല’

ചെറുപ്പക്കാരന്റെ ചുണ്ടുകൾ വിതുമ്പി.

‘ഞാൻ...ഞാനാണു്. വിൽസൺ. എന്നെ ചേട്ടൻ അറിയില്ലേ? ഇല്ലേ .... ചേട്ടാ ഒന്നോർത്തു നോക്കു. ചേട്ടന്റെ മടിയിലിരുന്നല്ലേ ഞാൻ വളർന്നതു്?’

വറീതു് ഒരു സ്വപ്നത്തിലെന്നപോലെ പകച്ചുനിന്നു. ഒന്നും ശബ്ദിക്കാൻ കഴിയാത്ത അവസ്ഥ. കണ്ണുകൾക്കു മുമ്പിൽ ഒരു മൂടൽമഞ്ഞു പരക്കുന്നതുപോലെ. ഒന്നും മനസ്സിലാകാത്തവനെപ്പോലെ അയാൾ അവനെത്തന്നെ നോക്കി മിഴിച്ചുനിന്നു.

അടുത്ത നിമിഷം തന്നെ അയാൾ അവന്റെ കഴുത്തിലേയ്ക്കു നോക്കി.

അതേ, ആ കറുത്തമറുക് ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നു.

‘അതേ, നീണ്ട പതിററാണ്ടുമുമ്പ് വീട്ടിൽനിന്നും ഒളിച്ചോടിയ വിൽസൺ, കറിയാച്ചൻ മുതലാളിയുടെ മൂത്ത മകൻ!

ദൈവമേ, എന്തൊരു അത്ഭുതമാണിതു്? ഈ ദിവസം ഈ മണിക്കൂറിൽത്തന്നെ അവനെങ്ങനെ ഇവിടെയെത്തി?

അത്ഭുതംകൊണ്ടു് അയാളുടെ പാദങ്ങൾപോലും മരവിച്ചതുപോലെ,

‘മോനെ’, വറീതു് ഒരു കൊടുംകാററിന്റെ ആവേശത്തോടെ അവനെ ഇറുകെ പുണർന്നു. അയാളുടെ കണ്ണുകൾ അറിയാതെ നിറഞ്ഞു.

‘മോനെ ഇത്രയും കാലം നീ എവിടായിരുന്നു? എവിടായിരുന്നു മോനെ? നിന്നെ കാണാഞ്ഞു് നിന്റെ അമ്മ എത്ര വിഷമിച്ചു, വരൂ ...ഏതായാലും ഇന്നുതന്നെ നിനക്കിങ്ങനെ വരാൻ തോന്നിയല്ലോ...’

‘ജയ്സന്റെ കല്യാണമാണോ ചേട്ടാ?

അലങ്കരിച്ച പന്തലുകളിലും തോരണങ്ങളിലേയ്ക്കും നോക്കി അവൻ നിമിഷങ്ങളോളം തരിച്ചുനിന്നു. എത്ര വലിയ പന്തൽ.

വാസ്തവത്തിൽ അവൻ തന്റെ അനിയനാണോ? ഇരുവരും ഒരു പാത്രത്തിൽ തിന്നു വളർന്നവരോ? എന്തൊക്കെയാണു് താനീകാണുന്നതു്. താനവിടെനിന്നും നാടുവിടുമ്പോൾ അറയും നിരയുമായ ഒരു കൊച്ചു പുരയായിരുന്നു. ഇത്ര പെട്ടെന്നു് എങ്ങനെ തന്റെ അച്ചായൻ ധനികനായി’.

എല്ലാം ഒരു കടങ്കഥപോലെ തോന്നുന്നു.

വറീതിന്റെ പിന്നാലെ വിൽസണും അവന്റെ ഭാര്യ ഡെയ്സിയും നടന്നു. അവർ ബംഗ്ലാവിന്റെ തെക്കു പുറത്തെത്തി, കലവറയിൽനിന്നു ചേച്ചമ്മ ആ രംഗം കണ്ടു. അവർക്കു് ഒററ നോട്ടത്തിൽ അവരെ മനസ്സിലായില്ല. വറീതു് വിളിച്ചുപറഞ്ഞു.

‘ചേടത്തീ, ഇതാരാ വന്നിരിക്കുന്നതെന്നു നോക്കു.... ... നമ്മുടെ വിൽസൺ വന്നു ചേടത്തി.’

ചേച്ചമ്മ ഒരു നിമിഷം ഞടുങ്ങി നിന്നു. കുറെ നേരത്തേയ്ക്കു് ശബ്ദിക്കാൻ കഴിഞ്ഞില്ല. പിന്നെ അവർ ഓടിവന്നു് അവനെ കെട്ടിപ്പിടിച്ചു് പൊട്ടിക്കരഞ്ഞു.

‘മോനെ; എന്റെ പൊന്നുമോനെ നീയെവിടായിരുന്നെടാ?‘

‘നിന്നെകാണാതെഞാനെന്തു വിഷമിച്ചു വരൂ’....ചേച്ചമ്മയുടെ പിന്നാലെ അവർ നടന്നു.

(തുടരും)

## അമൃതബിന്ദുക്കൾ!



### എൺപതു്

ക്രോധാഗ്നിയെ ജ്വലിപ്പിക്കും
നെയ്യുതല്ലോ കുഭാഷിതം.

### എൺപത്തിയൊന്നു്

വിവേകം ജ്ഞാനികൾക്കെന്നും
ജീവനേപ്പോൽ പ്രിയങ്കരം.

### എൺപത്തിരണ്ടു്

അല്പബുദ്ധി വികാരത്തി–
ന്നടിമപ്പെട്ടിടും ക്ഷണം.

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

